## വഴിവെളിച്ചം

# കുടിവെള്ളം നൽകുന്നതിന്റെ മഹത്വം

عَن أَبِیهُرَیْرَةَ رَضِي اللّهُ عنه قال: قَالَ رَسُولُ اللّهِ ﷺ: انَّ اللّهَ عَزَّوَجَلَّ يَقُولُ يَوْمَ الْقِيامَةِ يا ابْنَ آدمَ اِسْتَسْقَيْتُكَ فَلَمْ تَسْقِنِي قال يارَبِّ كَيْفَ أَسْقِيكَ وَأَنْتَ رَبُّ الْعَالَمِينْ؟ قال اِسْتَسْقَاكَ عَبْدِى فُلانٌ فَلَمْ تَسْقِهِ اَما إِنَّكَ لَوْ سَقَيْتَهُ وَجَدْتَ ذَلِكَ عِنْدِى.

അബൂഹുറയ്റയിൽനിന്ന്: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: "പുനരുത്ഥാന നാളിൽ പ്രതാപിയും മഹാനുമായ അല്ലാഹു പറയും: മനുഷ്യപുത്രാ, ഞാൻ നിന്നോട് ദാഹജലം ചോദിച്ചു. നീ എനിക്ക് തണ്ണീർ നൽകിയില്ല. മനുഷ്യൻ ചോദിക്കും: എന്റെ രക്ഷിതാവേ, ഞാൻ നിന്നെ എങ്ങനെ കുടിപ്പിക്കാനാണ്? നീ സർവലോക രക്ഷിതാവല്ലയോ? അല്ലാഹു പറയും: എന്റെ ഇന്ന ദാസൻ ദാഹിച്ചു പൊരിഞ്ഞപ്പോൾ നിന്നോട് പാനീയം ആവശ്യപ്പെട്ടു. നീ അയാളെ കുടിപ്പിച്ചില്ല. നീ അയാളെ ദാഹജലം കുടിപ്പിച്ചിരുന്നുവെങ്കിൽ അവന്റെ ചാരത്ത് എന്നെ നിനക്ക് കണ്ടെത്താമായിരുന്നു." (മുസ്‌ലിം)

**കുടിവെള്ളം** നൽകുന്നതിന്റെ മഹത്വം വിവരിക്കുന്ന ഹദീസാണിത്.

അല്ലാഹു ജീവലോകത്തിന് നൽകിയ അമൂല്യമായ അനുഗ്രഹമത്രെ ശുദ്ധജലം. ജീവന്റെ അടിസ്ഥാന ഘടകമാണത്. ജലമില്ലെങ്കിൽ ജീവനില്ല എന്നതാണ് സത്യം.

മനുഷ്യരുടെയും ജീവികളുടെയും പൊതുസ്വത്താണ് വെള്ളം. വ്യക്തികൾക്ക് അത് തടയാനവകാശമില്ല. കടുത്ത വരൾച്ചയും കൂടിയ സൂര്യതാപവും ശുദ്ധജലക്ഷാമത്തിന് കാരണമായിത്തീരാറുണ്ട്. ജലക്ഷാമമനുഭവിക്കുമ്പോൾ അതു അവർ മറ്റുള്ളവർക്ക് നൽകേണ്ടതാണ്. അയൽപക്കത്തെ സഹോദരൻ വെള്ളം കിട്ടാതെ വിഷമിക്കുമ്പോൾ അതിന്റെ നേരെ കണ്ണു ചിമ്മരുത്. നിന്റെ പാത്രത്തിൽനിന്ന് നിന്റെ സഹോദരന്റെ പാത്രത്തിലേക്ക് വെള്ളമൊഴിച്ചു കൊടുക്കുന്നത് പുണ്യവും ധർമവുമാണെന്ന തിരുവചനം നാം ഓർക്കേണ്ടതാണ്.

ജലദാനത്തിലൂടെ സ്വർഗം നേടിയ ഒരാളെക്കുറിച്ചു തിരുമേനി അനുയായികൾക്ക് പറഞ്ഞു കൊടുത്ത സംഭവമിങ്ങനെ:

ഒരാൾ മരുഭൂമിയിലൂടെ യാത്രചെയ്യുകയായിരുന്നു. ദാഹം കഠിനമായി. ഒരു കിണർ കണ്ടപ്പോൾ അതിലിറങ്ങി അയാൾ ദാഹം തീർത്തുകൊണ്ടിരിക്കെ ദാഹിച്ചുവലഞ്ഞ ഒരു നായ അവിടെയെത്തി. കരയിൽ കയറിയ മനുഷ്യൻ നായയെ കണ്ടു. നാവ് പുറത്തിട്ട് വെള്ളത്തിന് യാചിക്കുകയാണതെന്ന് അയാൾക്ക് തോന്നി. "എന്റെയും അവസ്ഥ ഇതായിരുന്നുവല്ലോ" എന്നയാൾ സ്വയം പറഞ്ഞു. വീണ്ടും കിണറ്റിലിറങ്ങി. തന്റെ തോൽകാലുറ ഊരിയെടുത്തു. അതിൽ വെള്ളം നിറച്ചു.

അത് കടിച്ചു പിടിച്ച് കരക്ക് കയറി. ആ വെള്ളം നായയെ കുടിപ്പിച്ചു. അയാളുടെ ഈ പ്രവൃത്തിക്ക് പ്രതിഫലമായി അല്ലാഹു അയാൾക്ക് സ്വർഗം നൽകി. (മുസ്‌ലിം)

ഒരിക്കൽ മദീനയിൽ ജലക്ഷാമം രൂക്ഷമായി. ശുദ്ധജലത്തിനായി ജനം നെട്ടോട്ടമോടി. 'റൂമാ' കിണറായിരുന്നു അവരുടെ ഏക ആശ്രയം. അതാകട്ടെ ഒരു ജൂതന്റെ അധീനത്തിലായിരുന്നു. അതിൽനിന്ന് വെള്ളമെടുക്കാൻ അയാൾ ആരെയും അനുവദിച്ചില്ല. തിരുമേനി പ്രഖ്യാപിച്ചു: "റൂമാ കിണർ ഈ സമുദായത്തിന് വേണ്ടി സമർപ്പിക്കാൻ തയാറുള്ളവർക്ക് സ്വർഗമുണ്ട്." ഈ വിവരം മഹാമനസ്കനായ ഉസ്മാൻ(റ) അറിഞ്ഞു. അദ്ദേഹം ജൂതനെ സമീപിച്ചു. കിണറിന് വില പറഞ്ഞു. കമ്പോള വിലയേക്കാൾ അധികം നൽകി ഉസ്മാൻ(റ) അത് വാങ്ങി സമുദായത്തിന് ദാനം ചെയ്തു. ഇതറിഞ്ഞപ്പോൾ പ്രവാചകൻ സന്തോഷത്തോടെ പറഞ്ഞു: "ഉസ്മാൻ രണ്ട് തവണ സ്വർഗം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. 'റൂമാ' കിണർ വാങ്ങിയപ്പോഴും, വറുതി (തബൂക്ക്) സൈന്യത്തെ സജ്ജീകരിച്ചപ്പോഴും."

ജലം അമൂല്യമാണ്. കരുതി ഉപയോഗിക്കണം. ഒരു കാര്യത്തിലും ധാരാളിത്തം വിശ്വാസിയുടെ സ്വഭാവമല്ല. ജലം ദുർവിനിയോഗം നടത്തുന്നവർ തങ്ങൾ പാഴാക്കുന്ന ജലത്തിന്റെ വിലയും മൂല്യവും ചിന്തിക്കേണ്ടതാണ്. അല്ലാഹു ചോദിക്കുന്നു. "നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവ് വെള്ളം കൊണ്ടുവന്നു തരിക?" (*അൽ മുൽക്*). ■

**അബ്ദുൽജബ്ബാർ കൂരാരി**